**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 161** **22-06-2026-ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രി നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രി നവീകരണത്തിനായി 2021-26 വർഷ കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

**മറുപടി:** ആലത്തൂർ നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രി നവീകരണത്തിനായി 2021-26 വർഷ കാലയളവിൽ ചുവടെചേർക്കുന്ന പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

1) എമർജൻസി കോവിഡ് റെസ്പോൺസ് പ്ലാൻ ഫണ്ട് പ്രകാരം ആലത്തൂർ താലൂക്കാസ്ഥാനാശുപത്രിയിൽ 5 കിടക്കകളുള്ള ഐ.സി.യു സജ്ജീകരിക്കൽ - 37,28,500/-

2) ലക്ഷ്യ സ്റ്റാൻഡേർഡ് പ്രകാരം ലേബർ റൂമും ഓപ്പറേഷൻ തീയേറ്ററും നവീകരിക്കൽ - 1,00,00,000/-

3) ഒ.പി ഡയഗ്നോസ്റ്റിക് ബ്ലോക്ക് & കാഷ്വാലിറ്റി റിനോവേഷൻ - 12.31 കോടി

**(ബി)** ആലത്തൂർ താലൂക്ക് ആശുപത്രിയിൽ പദ്ധതി പ്രഖ്യപിച്ച് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ആലത്തൂർ താലൂക്ക് ആശുപത്രിയിൽ പദ്ധതി പ്രഖ്യപിച്ച് ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഒന്നും തന്നെയില്ല.

**(സി)** ഭരണാനുമതി ലഭ്യമായവയിൽ ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

**മറുപടി:** ആലത്തൂർ താലൂക്ക് ആശുപത്രിയിൽ നിലവിൽ ഭരണാനുമതി ലഭ്യമായവയിൽ പൂർത്തീകരിക്കാനുള്ളത് ലക്ഷ്യ സ്റ്റാൻഡേർഡ് പ്രകാരം 'ലേബർ റൂമും ഓപ്പറേഷൻ തീയേറ്ററും നവീകരിക്കൽ' എന്ന പ്രവൃത്തിയാണ്.

**(ഡി)** അവയുടെ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ലക്ഷ്യ സ്റ്റാൻഡേർഡ് പ്രകാരം 'ലേബർ റൂമും ഓപ്പറേഷൻ തീയേറ്ററും നവീകരിക്കൽ' എന്ന പ്രവൃത്തിയിൽ ഇലക്ട്രിക്കൽ, സീലിംഗ്, അലൂമിനിയം പ്രവൃത്തികൾ, ഫ്ലോറിംഗ് എന്നീ പ്രവൃത്തികളാണ്

പൂർത്തീകരിക്കാനുള്ളത്.

**സെക്ഷൻ ഓഫീസർ**